മലപ്പുറം ജില്ല—പൊന്നാനി, പുതുപൊന്നാനി കടപ്പുറം, വെളിയംകോട്, പനത്തങ്ങാടി, ആലുങ്കൽ തൈകടപ്പുറം, അരിയന്നൂർ, കടലുണ്ടി നഗരം, താനൂർ, പണ്ടാര കടപ്പുറം, ദീരാൻ കടപ്പുറം, തേവര, ചൂടായി, പടിഞ്ഞാറേക്കര.

കണ്ണൂർ ജില്ല—പാലക്കോട്, വലിയ കടപ്പുറം, ചൂരാട്, പുതിയങ്ങാടി, മുഴുപ്പിലങ്ങാട്, മാട്ടൂർ, ബാലുശ്ശേരി, ന്യൂമാഹി, കൊടുവള്ളി, പൊടിപ്പാലം, തലായി.

(സി) ആവശ്യമായ സ്ഥലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി പുലിമുട്ട് സ്ഥാപിക്കുന്നകാര്യം പരിഗണിക്കാവുന്നതാണ്.

കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ വേളി പൊഴിയുടെ ഭാഗത്ത് കല്ലുടുക്കുന്നതിനുള്ള പദ്ധതി

62 [241] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ വേളി പൊഴിയുടെ ഭാഗത്ത് കല്ലുടുക്കുന്നതിനുള്ള പദ്ധതി മേജർ ഇറിഗേഷൻ വകുപ്പിന്റെ പരിഗണനയിലുണ്ടോ; ഈ പദ്ധതിക്കായി എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്;

(ബി) ഈ കല്ലുടുക്കൽ ജോലി നടക്കാത്തതുമൂലം പ്രദേശവാസികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പദ്ധതി അടിയന്തിരമായി നടപ്പാക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) വേളി പൊഴിയുടെ വടക്കു വശത്ത് 500 മീറ്റർ നീളത്തിൽ കല്ലുടുക്കുന്നതിന് പദ്ധതി തയ്യാറാക്കി വരുന്നു. വേളി പൊഴിയുടെ ഭാഗത്ത് കല്ലുടുക്കുന്നതിന് പദ്ധതി ഇപ്പോൾ നിലവിലില്ല.

(ബി)& (സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തിക്ക് അനുമതി നൽകുന്നതാണ്.

ആറ്റിപ്ര പഞ്ചായത്തിൽ കടൽഭിത്തി നിർമ്മാണം

63 [244] *ശ്രീ. വി. എൻ. രാജൻബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തത്തിനുശേഷം ആറ്റിപ്ര പഞ്ചായത്തിൽ എത്ര കിലോ മീറ്റർ കടൽഭിത്തി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly